നം.കെ.എസ്.എ.8058/എസ്റ്റാ.(SS)/2016

കേരള സംസ്ഥാന ഓഡിറ്റ്
ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ,തിരുവനന്തപുരം
തീയതി : 27/02/2019
ഫോൺ :0471 – 2303640
ഇ -മെയിൽ :director.ksad@kerala.gov.in

# സർക്കുലർ നം.2/2019.

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്–ധനകാര്യ പരിശോധന വകുപ്പ് (എൻ റ്റി ജെ) പരിശോധനാ റിപ്പോർട്ട്-ശുപാർശ നടപ്പിലാക്കുന്നത് സംബന്ധിച്ച് -മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 1. ധനകാര്യ വകുപ്പ്,പ്രിൻസിപ്പൽ സെക്രട്ടറിയുടെ 24/11/2018 ലെ എസ്റ്റാ ഡി-1/142/2018/ധന (1013058) നം. കത്ത്.
2.04/09/2018 ലെ 1468/ധന.പ.വി.ജെ-1/2016/ധന നമ്പരായുള്ള ധനകാര്യ പരിശോധനാ റിപ്പോർട്ട്.

സൂചന (1) അനുസരിച്ച് ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതന്ന സൂചന (2)പ്രകാരമുള്ള റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1). ഓരോ ഓഡിറ്റ് ക്യാമ്പും ജില്ലാ ഓഡിറ്റ് കാര്യാലയത്തിന്റെ ചുമതലയുള്ള സീനിയർ ഡെപ്യൂട്ടി ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ പ്രസ്തുത ക്യാമ്പുകളിൽ കൃത്യമായും ആകസ്മിക സന്ദർശനം നടത്തി ഹാജർ നില ഉറപ്പു വരുത്തേണ്ടതും ,ഹാജർ സംബന്ധിച്ച് വീഴ്ച വരുത്തുന്നവർക്കെതിരെ അച്ചടക്ക നടപടികൾക്ക് ശുപാർശ ചെയ്യേണ്ടതുമാണ്.

(2). ഓഡിറ്റ് സമാപിക്കുന്ന ദിവസം തന്നെ കരട് റിപ്പോർട്ട് തയ്യാറാക്കി 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 14 അനുസരിച്ച് ,കരട് ഓഡിറ്റ് റിപ്പോർട്ടിൽ എക്സിക്യൂട്ടീവ് അതോറിറ്റിയുടെ അക്നോളജ്മെൻറ് രേഖപ്പെടുത്തി വാങ്ങുന്നതിലേയ്ക്കായി എക്സിറ്റ് കോൺഫറൻസ് നടത്തുവാനും ആയതിനായി ഓഡിറ്റ് നടത്തുന്ന സ്ഥാപനത്തിലെ മേധാവിയുമായി സംസാരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ, ചെയർപേഴ്സൺ തുടങ്ങിയവരെ പ്രസ്തുത മീറ്റിങ്ങിൽ പങ്കെടുപ്പിക്കുന്നതിലേയ്ക്കായി എക്സിറ്റ് കോൺഫറൻസിനുള്ള കത്ത് മുൻകൂട്ടി നൽകുവാനും ഓഡിറ്റ് ലീഡർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഡയറക്ടർ

**എല്ലാ സബ് ഓഫീസ് മേധാവികൾക്കും**